സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ,തിരുവനന്തപുരം

നം.എച്ച്2/30319/16 തീയതി : 21.12.2016

# <u>സർക്കുലർ</u>

വിഷയം : സാമൂഹ്യനീതി വകുപ്പ് - വിദൂര വിദ്യാഭ്യാസം, ഓപ്പൺ സ്കൂൾ / കോളേജ് എന്നീ സംവിധാനങ്ങളിലൂടെ വിദ്യാഭ്യാസം ചെയ്യുന്ന ഭിന്നശേഷിക്കാർക്ക് / അംഗപരിമിതർക്ക് - സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി - സംബന്ധിച്ച്.

സൂചന : സ.ഉ (സാധാ) നം. 520/16/സാനീവ തീയതി: 11.11.2016

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ ഓപ്പൺ സ്കൂൾ / കോളേജ്, വിദൂര വിദ്യാഭ്യാസം, എന്നീ സംവിധാനങ്ങളിലൂടെ നിരവധി കോഴ്സുകൾ ചെയ്തുവരുന്ന അംഗപരിമിതരായ നിരവധി കുട്ടികൾ സംസ്ഥാനത്ത് ഉണ്ട്. ഇത്തരത്തിൽ ഡിഗ്രിതലത്തിലും അതിനുമുകളിലും വിദ്യാഭ്യാസം ചെയ്യുന്ന ഭിന്നശേഷിക്കാരായ കുട്ടിയ്ക്ക് പരമാവധി 10,000/- രൂപ എന്ന നിരക്കിൽ ഒരു ജില്ലയിൽ കുറഞ്ഞത് 15 കുട്ടികൾക്ക് വീതം 14 ജില്ലകളിലായി ഒരു വർഷം 210 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന ഒരു പദ്ധതി നടപ്പുസാമ്പത്തികവർഷം മുതൽ നടപ്പിലാക്കുന്നതിന് സൂചന പ്രകാരം സർക്കാരിൽ നിന്നും ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കി ഉത്തരവായിട്ടുണ്ട്.

ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന ടി പദ്ധതിയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരം നൽകുന്നതിനും, ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി വിശദാംശങ്ങളിൽ വിവരിക്കുന്ന നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി അപേക്ഷകൾ ക്ഷണിക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും നിർദ്ദേശിക്കുന്നു.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

SK/16

## ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക്, പഠിക്കുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി.

സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിയുള്ളവർക്ക് ഒന്നാം ക്ലാസ്സുമുതൽ പഠനം നടത്തുന്നതിന് സ്കോളർഷിപ്പ് നല്കുന്ന പദ്ധതികൾ നിലവിലുണ്ട്. എന്നാൽ ശാരീരിക മാനസിക അവശതകൾ മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽപോയി പഠനം നടത്താനാവാതെ വിഷമിക്കുന്നവർ ധാരാളമുണ്ട്. ഇത്തരക്കാർക്ക് ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി വീട്ടിൽത്തന്നെ ഇരുന്ന് പഠിക്കുന്നതിന് സ്കോളർഷിപ്പ് നല്കുന്ന ഒരു പദ്ധതി ആരംഭിക്കുന്നത് പ്രയോജനപ്രദമായിരിക്കും. അംഗപരിമിതർക്കിടയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഈ പദ്ധതി സഹായകമാവും. ഈ സാഹചര്യത്തിൽ ഓപ്പൺ യൂണിവേഴ്സിറ്റി, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി ഡിഗ്രിക്കും അതിനുമുകളിലും പഠിക്കുന്ന ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി നടപ്പു വർഷത്തിൽ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്.

### അർഹത

- ഓപ്പൺ യൂണിവേഴ്സിറ്റി, പ്രൈവറ്റ് രജിസ്റ്റട്രേഷൻ എന്നിവ വഴി കേരളത്തിനകത്തെ യൂണിവേഴ്സിറ്റികളിൽ രജിസ്റ്റർ ചെയ്ത് ഡിഗ്രിക്കും, അതിനുമുകളിലും പഠിക്കുന്ന ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം.
- വാർഷിക വരുമാനം 100000 രൂപയിൽ കവിയാൻ പാടില്ല.
- ബന്ധപ്പെട്ട കോഴ്സിന്റെ കാലദൈർഘ്യത്തിൽ മാത്രമേ ധനസഹായം അനുവദിക്കുകയുള്ളു.
- ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്നതിനാണ് സ്കോളർഷിപ്പ് നല്കുക.
- ഓരോ വർഷവും കൃത്യമായി പരീക്ഷക്ക് ഹാജരാകുന്നവർക്ക് മാത്രമേ തുടർ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു.

### ധനസഹായം

രജിസ്ട്രേഷൻ ഫീ, കോഴ്സ്ഫീ/ട്യൂഷൻഫീ, പരീക്ഷാഫീസ്, പുസ്തകങ്ങൾ, പഠനോപകരണങ്ങൾ, എന്നിവക്ക് ആവശ്യമായ തുകയാണ് സ്കോളർഷിപ്പായി അനുവദിക്കുക. ഇത് പരമാവധി 10,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

### ധനസഹായം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ

- ഒരു വിദ്യാർത്ഥിക്ക് ഏതെങ്കിലും ഒരു കോഴ്സിനുള്ള ധനസഹായം മാത്രമേ ലഭിക്കൂ.
- കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ മറ്റേതെങ്കിലും പദ്ധതിയിൽ പെടുന്ന ധനസഹായം ലഭിക്കുന്നവർക്ക് ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയില്ല.

ബന്ധപ്പെട്ട കോഴ്സിന്റെ കാലയളവിൽ വിദ്യാർത്ഥിയുടെ പഠന നിലവാരത്തിന്റെ പുരോഗതി വിലയിരുത്തിയായിരിക്കും തുടർവർഷങ്ങളിൽ സ്കോളർഷിപ്പ് അനുവദിക്കുക. കോഴ്സ് ഇടക്ക് വെച്ച് നിർത്തുകയാണെങ്കിൽ ധനസഹായത്തിനുള്ള അർഹത നഷ്ടപ്പെടുന്നതായിരിക്കും. അപേക്ഷകർ കൂടുതൽ ഉള്ളപക്ഷം ക്വാളിഫയിംഗ് മാർക്കിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകുന്നതാണ്.

<u>അപേക്ഷ സമർപ്പിക്കേണ്ട വിധം.</u>

സ്കോളർഷിപ്പ് അനുവദിക്കുന്നതിന് നിശ്ചിതമാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്. ശിശു വികസന പദ്ധതി ഓഫീസർമാർ അപേക്ഷയിൻമേൽ അന്വേഷണം നടത്തി ഹാജരാക്കിയ രേഖകൾ പരിശോധിച്ച് സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണെങ്കിൽ അപേക്ഷ ശുപാർശ ചെയ്ത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

- യൂണിവേഴ്സിറ്റിയിൽ റജിസ്റ്റർ ചെയ്ത രേഖകൾ,
- റജിസ്ട്രേഷൻഫീ, കോഴ്സ്ഫീ/ട്യൂഷൻഫി, പുസ്തകങ്ങൾ, ഉപകരണങ്ങൾ എന്നിവക്ക് ചെലവഴിച്ച തുക സംബന്ധിച്ച ബില്ലുകൾ/രശീതികൾ (ശിശുവികസന പദ്ധതി ഓഫീസർ മേലൊപ്പ് വെച്ചത്.)
- വൈകല്യം തെളിയിക്കുന്നതിനായി മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്/ഐഡന്റിറ്റി കാർഡ്.
- വരുമാനം തെളിയിക്കുന്നതിന് റവന്യൂ അധികാരികളിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ്.
- രണ്ടാം വർഷം മുതൽ അപേക്ഷ സമർപ്പിക്കുന്നവർ മുൻ വർഷത്തെ പരീക്ഷക്ക് ഹാജരായതിനുള്ള രേഖ ഹാജരാക്കണം.

കോഴ്സിന് രജിസ്റ്റർ ചെയ്ത് 3 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.

**NB:** 2016-17 അധ്യയനവർഷം അവസാനിക്കാറായ സാഹചര്യത്തിൽ <u>ഈ</u> അധ്യയനവർഷത്തെ അപേക്ഷകൾ മാത്രം_2017 ജനുവരി 30നകം സമർപ്പിക്കേണ്ടതാണ്.

## ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി ഡിഗ്രി, ബിരുദാനന്തര ബിരുദം എന്നിവക്ക് പഠിക്കുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി.

### അപേക്ഷാഫോറം

| | | | |
|---|---|---|---|
| 1 | അപേക്ഷകന്റെ പേര്, വിലാസം, ആധാർ നമ്പർ, ഫോൺ നമ്പർ സഹിതം | : | |
| 2 | ജനനതിയ്യതി. വയസ്സ് | : | |
| 3 | രക്ഷിതാവിന്റെ പേരും, വിലാസവും.തൊഴിലും, ഫോൺ നമ്പറും. | : | |
| 4 | രക്ഷിതാവുമായുള്ള ബന്ധം | : | |
| 5 | കുടുംബവാർഷിക വരുമാനം (റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം) | | |
| 6 | റജിസ്റ്റർ ചെയ്തയൂണിവേഴ്സിറ്റി, കോഴ്സ്.<br>കോഴ്സിന്റെ കാലയളവ്<br>റജിസ്ട്രേഷൻ നമ്പർ | : | |
| 7 | കോഴ്സ് ആരംഭിച്ച വർഷം, നടപ്പുവർഷം പഠിക്കുന്ന ക്ലാസ്സ്(രണ്ടാം വർഷം മുതൽ മുൻ വർഷം പരീക്ഷക്ക് ഹാജരായ രേഖ അടക്കം ചെയ്യണം.) | : | |
| 8 | ഇപ്പോൾ പഠിക്കുന്ന കോഴ്സിൽ പ്രവേശനത്തിനുള്ള യോഗ്യതാ പരീക്ഷ മാർക്കിന്റെ ശതമാനവും, കോഴ്സിന്റെ പേരും, (സർട്ടിഫിക്കറ്റിന്റെപകർപ്പ് അടക്കം ചെയ്യണം) | : | |
| 9 | വൈകല്യത്തിന്റെ സ്വഭാവം, ശതമാനം(സർട്ടീഫിക്കറ്റ് ഹാജരാക്കണം) | : | |
| 10 | ആവശ്യപ്പെടുന്ന തുകയുടെ വിവരം | : | |
| എ | റജിസ്ട്രേഷൻ ഫീ (രശീതി യുടെ പകർപ്പുകൾ ഹാജരാക്കണം) | : | |
| ബി | കോഴ്സ് ഫീ/ട്യൂഷൻ ഫീ (രശീതിയുടെ പകർപ്പ് ഹാജരാക്കണം) | : | |
| സി | പരീക്ഷാഫീസ് (രേഖ കാണിക്കണം) | : | |
| ഡി | ടെക്സ്റ്റ് ബുക്ക് (ബില്ലിന്റെ പകർപ്പ് സി.ഡി.പി.ഒ അറ്റസ്റ്റ് ചെയ്തത്) | : | |
| ഇ | പഠനോപകരണങ്ങൾ(ബില്ലിന്റെ പകർപ്പ് സി.ഡി.പി.ഒ അറ്റസ്റ്റ് ചെയ്തത് ഹാജരാക്കണം.) | : | |
| എഫ് | ആകെ ആവശ്യപ്പെടുന്ന തുക | : | |
| 11 | ഈ പദ്ധതി പ്രകാരം മുൻപ് സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ടെങ്കിൽ ലഭിച്ച തുക, വർഷം, | : | |
| 12 | സ്കോളർഷിപ്പ് അനുവദിക്കുകയാണെങ്കിൽ തുക ക്രഡിറ്റ് ചെയ്യേണ്ട ബാങ്ക് അക്കൗണ്ട് നമ്പറും, ബാങ്കിന്റെ പേരും, ഐ.എഫ്.എസ് കോഡും അഥവാ ക്യാൻസൽ ചെയ്ത ചെക്ക് ലീഫ് | : | |

## അപേക്ഷകൻ നൽകുന്ന സത്യപ്രസ്താവന

മേൽ കാണിച്ച വിവരങ്ങൾ പൂർണ്ണമായും സത്യമാണെന്നും സർക്കാർ ധനസഹായം കോഴ്സിന്റെ പഠനത്തിനായി വിനിയോഗിക്കുന്നതാണെന്നും, മെച്ചപ്പെട്ട റിസൾട്ട് ഉണ്ടാകുവാൻ അർപ്പണബോധത്തോടെ പ്രവർത്തിക്കുന്നതാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

പേര്:

തിയ്യതി:

ഒപ്പ്/പേര്

## യൂണിവേഴ്സിറ്റി അധികാരികളുടെ സാക്ഷ്യപത്രം

ശ്രീ..........................................................................................

..............................................യൂണിവേഴ്സിറ്റിയിൽ ........................................... വർഷം ദൈർഘ്യമുള്ള ........................................കോഴ്സിന് ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം /പ്രൈവറ്റായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ടിയാളുടെ രജിസ്റ്റർ നമ്പർ ....................................................ആണെന്നും നടപ്പു അധ്യയന വർഷം കോഴ്സിന്റെ .............................വർഷമാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

## ശിശുവികസന പദ്ധതി ഓഫീസറുടെ സാക്ഷ്യപത്രം

ശ്രീ/ശ്രീമതി.......................................................................

യൂണിവേഴ്സിറ്റിയിൽ ................................കോഴ്സിന് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, ടിയാൾ ഹാജരാക്കിയ ബില്ലുകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നും, ടിയാൾക്ക് സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണെന്നും ശുപാർശ ചെയ്യുന്നു.

## ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ തീരുമാനം:

..................................................ന് സ്കോളർഷിപ്പ് ഇനത്തിൽ ................ വർഷം ............................രൂപ അനുവദിച്ച് ഉത്തരവാകുന്നു.

ജില്ലാ സാമൂഹ്യനീതി ഓഫീസർ,

**ഉള്ളടക്കം.**

- റജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
- വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ നല്കിയത്)
- വൈകല്യം തെളിയിക്കുന്ന മെഡിക്കൽബോഡ്/ഐ.ഡി. കാർഡ്.
- ക്വാളിഫയിംഗ് പരീക്ഷയുടെ സർട്ടിഫിക്കറ്റ്/മാർക്ക് ലിസ്റ്റ്.
- ബില്ലുകളുടെ പകർപ്പ് സി.ഡി.പി.ഒ അറ്റസ്റ്റ് ചെയ്തത്.
- രണ്ടാം വർഷം മുതൽ മുൻ വർഷം പരീക്ഷക്ക് ഹാജരായ രേഖ അപേക്ഷയോടൊപ്പം അടക്കം ചെയ്യണം.